**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5830** — **25.05.2017 ൽ മറുപടിയ്ക്ക്**

## യുവശക്തി പദ്ധതി

**ചോദ്യം**

**ശ്രീ.റ്റി.വി.രാജേഷ്**
**ശ്രീ.കെ.ബാബു.**
**ശ്രീ.എം. പ്രദീപ്കുമാർ**
**ശ്രീ.എം.മുകേഷ്**

**മറുപടി**

**ശ്രീ.എ.സി.മൊയ്തീൻ**
**(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ ; | (എ) | അവലോകനം ചെയ്തിട്ടുണ്ട്. മൂന്ന് മാസത്തിലൊരിക്കൽ ബോർഡ് യോഗം ചേർന്ന് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളും/പദ്ധതികളും സംബന്ധിച്ച് അവലോകനം നടത്താറുണ്ട്. |
| (ബി)<br>(സി) | യുവജനങ്ങൾക്കായി 'യുവശക്തി' എന്ന പദ്ധതി ബോർഡ് ആവിഷ്കരിച്ചിട്ടുണ്ടോ ;<br>എങ്കിൽ പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (ബി)<br>&<br>(സി) | ഉണ്ട്. യുവജനങ്ങളുടെ വികസനം പ്രദേശികതലം മുതൽ തന്നെ ആസൂത്രണം ചെയ്യപ്പെടണം എന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ വികേന്ദ്രീകൃതമായ ഒരു സമീപനം സ്വീകരിക്കുന്നതിന് പ്രാദേശികതലത്തിൽ ലഭ്യമാകുന്ന വിഭവങ്ങളെ സംയോജിപ്പിച്ച് യുവജനവികസനത്തിന് അവരെ സജ്ജമാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ യൂത്ത് പ്രൊമോട്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തി യൂത്ത് സെന്ററുകൾ ശാക്തീകരിച്ച് യൂത്ത് കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കുകയും യുവജനവികസന മാതൃകകൾ സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. |
| (ഡി) | ഈ പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കുന്നതിനായി ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | (ഡി) | ഉണ്ട്. പ്രാദേശിക യുവജനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് യുവജന വികസനത്തിന് അടിസ്ഥാന വിഭവങ്ങൾ പ്രദാനം ചെയ്യാൻ കഴിയുന്ന വിധത്തിൽ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ 1934 യൂത്ത് സെന്ററുകൾ സജ്ജമാക്കുന്നുണ്ട്. നിലവിലുള്ള യൂത്ത് സെന്ററുകളുടെ പ്രവർത്തനവും സംഘാടനവും പുനസംഘടിപ്പിക്കുന്നതോടൊപ്പം ഇതുവരെ ആരംഭിച്ചിട്ടില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ യൂത്ത് സെന്റർ ആരംഭിക്കുകയും ചെയ്യുന്നതാണ്. നിശ്ചിത വിദ്യാഭ്യാസ യോഗ്യതയും പ്രായവും യുവജന വികസനത്തിൽ താല്പര്യവും ശേഷിയുമുള്ള യുവജനങ്ങളെ യൂത്ത് |

| | | | |
|---|---|---|---|
| | | | കോ-ഓർഡിനേറ്റർമാരായി ജില്ല, ഗ്രാമം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ നിയോഗിക്കുന്നതായിരിക്കും. ബോർഡ് നേരിട്ട് നടപ്പാക്കുന്നതോ, ഇതര വകുപ്പുകളുടെ സഹായത്തോടെ നടപ്പാക്കുന്നതോ ആയിട്ടുള്ള വിവിധ പദ്ധതികളുടെ ഫീൽഡ് തല സംഘാടനം യൂത്ത് സെന്ററുകളുടെ നേതൃത്വത്തിലായിരിക്കും നടപ്പാക്കുക. അതിനായി പ്രാദേശിക തലത്തിൽ പ്രഗത്ഭരായ യുവജനങ്ങളുടെ പ്രതിനിധികൾ/ സംഘടനാ പ്രതിനിധികൾ ഉൾപ്പെടെയുള്ള ഒരു യൂത്ത് കോ-ഓർഡിനേഷൻ കമ്മിറ്റി യൂത്ത് സെന്ററുകളുടെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്നതാണ്. യൂത്ത് കോ-ഓർഡിനേഷൻ കമ്മിറ്റി അംഗങ്ങൾക്കും, യൂത്ത് കോ-ഓർഡിനേറ്റർമാർക്കും ജില്ലാതലത്തിൽ വിദഗ്ധ പരിശീലനം നൽകുന്നതായിരിക്കും . യുവജന വികസന സമീപന തന്ത്രങ്ങൾ, കാഴ്ചപ്പാടുകൾ, മാതൃകകൾ എന്നിവ ഉൾപ്പെടെയുള്ള പരിശീലനമായിരിക്കും നൽകുന്നത്. ആദ്യഘട്ടമെന്ന നിലയിൽ ഒരു ജില്ലയിൽ ഒരു യൂത്ത് സെന്റർ എന്ന രീതിയിൽ 14 പഞ്ചായത്ത് യൂത്ത് സെന്ററുകൾ സ്ഥാപിക്കുക എന്നത് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നു. |
| (ഇ) | വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ യുവജന പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന് ഈ പ്രോജക്റ്റ് എപ്രകാരമാണ് സഹായിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഇ) | യുവജനവികസനത്തിനായി സർക്കാർ/സർക്കാരിതര സ്ഥാപനങ്ങൾ ആവിഷ്കരിക്കുന്ന പദ്ധതികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശിക തലത്തിൽ സംഘടിപ്പിക്കുന്ന പദ്ധതികളും ഏകോപിപ്പിക്കുന്നതിനും അവയ്ക്ക് വേണ്ട വിഭവങ്ങൾ പ്രദാനം ചെയ്യുന്നതിനും സംസ്ഥാനത്തെ യൂത്ത് ക്ലബ്ബുകൾ, സർക്കാരേതര സംഘടനകൾ എന്നിവയുമായി ബന്ധപ്പെട്ട് പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി ഒരു വിഭവ-വിവര-വിനിമയ കേന്ദ്രമായി യുവജനക്ഷേമ ബോർഡ് ആസ്ഥാനത്തെ സജ്ജമാക്കുന്നതിനും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ പ്രവർത്തിക്കുന്ന യൂത്ത് സെന്ററുകളെ ശാക്തീകരിക്കുന്നതിനും ഈ പ്രോജക്റ്റ് സഹായകമായിരിക്കും. |

സെക്ഷൻ ഓഫീസർ